# Athmaraksha.org

പാപ്പ ലോകത്തിന നൽകുന്ന സന്ദേശം

## വിദ്വേഷം വെടിഞ്ഞ് സൗഹാർദ്ദത്തിലേക്കു മടങ്ങാൻ മാർപാപ്പായുടെ ആഹ്വാനം



മധ്യ ആഫ്രിക്കൻ റിപ്പബ്ലിക്കിലെ ബങ്കുയിൽ മുസ്ലിം കേന്ദ്രമായ പികെ5 ജില്ലയിലെ മസ്ജിദിൽ ഫ്രാൻസിസ് മാർപാപ്പാ എത്തിയപ്പോൾ. ടിഡിയാനി മൂസാ നൈബി സമീപം.

ബങ്കുയി. വിദ്വേഷവും പ്രതികാരചിന്തയും വെടിഞ്ഞു ക്രിസ്ത്യാനികളും മുസ്ലിംകളും സൗഹാർദ്ദത്തിന്റെ പാത സ്വീകരിക്കണമെന്ന ആഹ്വാനവുമായി ഫ്രാൻസിസ് മാർപാപ്പാ മധ്യ ആഫ്രിക്കൻ റിപ്പബ്ലിക് സന്ദർശനം പൂർത്തിയാക്കി. മതവിദ്വേഷത്തിൽ മൂന്നവർഷത്തിനിടെ ആയിരക്കണക്കിന പേർ കൊല്ലപ്പെട്ട രാജ്യത്ത് സമാധാന സന്ദേശം നൽകി മുസ്ലിം കേന്ദ്രമായ പികെ5 ജില്ലയിലെ മസ്ജിദ് മാർപാപ്പാ സന്ദർശിച്ചു.

ക്രിസ്ത്യൻ തീവ്രവാദികളിൽനിന്ന രക്ഷതേടി മുസ്ലിംകൾ ഒരുമിച്ചുകഴിയുന്ന പികെ5ൽ യുഎൻ സമാധാനസേനയുടെ കനത്ത സുരക്ഷയിലാണ മാർപാപ്പാ എത്തിയത്. ആവേശാരവങ്ങളോടെയാണ ജനം മാർപാപ്പായെ വരവേറ്റത്. മുസ്ലിം കളും ക്രിസ്ത്യാനികളും സഹോദരങ്ങളാണെന്നും വിദ്വേഷത്തിന്റെ പാത വെടിയണമെന്നും മാർപാപ്പാ അഭ്യർത്ഥിച്ചു. ദൈവത്തിൽ വിശ്വസിക്കുന്നവർ അക്രമത്തിന്റെ യല്ല, സാമാധാനത്തിന്റെ പാതയാണ സ്വീകരിക്കേണ്ടതെന്ന് അദ്ദേഹം പറഞ്ഞു.

മതസൗഹാർദത്തിനായി പ്രവർത്തിക്കുന്ന ഇമാം ടിഡിയാനി മൂസാ നൈബിയുടെ പ്രസംഗശേഷമായിരുന്ന മാർപാപ്പായുടെ വികാരഭരിതമായ ആഹ്വാനം. സമാധാനത്തിന്റെ അറബി വാക്കായ 'സലാം' ഉരുവിട്ട് ജനങ്ങളെ അഭിസംബോധന ചെയ്ത മാർപാപ്പാ ദൈവം സമാധാനമാണെന്ന് ഉറക്കെ പ്രഖ്യാപിച്ചു. ക്രിസ്ത്യൻ ഭൂരിപക്ഷ മധ്യ ആഫ്രിക്കൻ റിപ്പബ്ലിക്കിൽ 2013-ൽ മുസ്ലിം സെലെക്ക വിമതർ അധികാരം പിടിച്ചതോടെയാണ വംശീയ ഏറ്റുമുട്ടലുകൾ ആരംഭിച്ചത്. ആയിരക്കിനാളുകൾ കൊല്ലപ്പെടുകയും പതിനായിരങ്ങൾ ഭവനരഹിതരാകുകയും ചെയ്തു.